**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3624** **27-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഗവണ്മെന്റ് ലോ- കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഗവണ്മെന്റ് ലോ-കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ഗവ.ലോ കോളേജിലെ ചുറ്റുമതിൽ നവീകരണ പ്രവൃത്തി, 50,000 ലിറ്റർ വാട്ടർ ടാങ്ക് നിർമ്മാണ പ്രവൃത്തി, കോമ്പൗണ്ടിലെ റോഡ് പണി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ബാസ്കറ്റ്ബോൾ കോർട്ട്, വോളിബോൾ കോർട്ട് എന്നിവ നിർമ്മിക്കുന്നതിനായി 60 ലക്ഷം രൂപ PWD ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല.<br><br>മൂന്നു നിലയുള്ള ലൈബ്രറി എക്സ്റ്റൻഷൻ ബ്ലോക്കിന്റെ നിർമ്മാണം ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. ലൈബ്രറി എക്സ്റ്റൻഷൻ ബ്ലോക്കിന്റെ അവശേഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കാന്റീൻ, ക്ലാസ്റൂം, ഗോൾഡൻ ജൂബിലി കെട്ടിടം, കോളേജ് ഗേറ്റ്, ഹോസ്റ്റൽ കോമ്പൗണ്ട് വാൾ, സെപ്റ്റിക് ടാങ്ക്, ഹോസ്റ്റലിലെ പുതിയ വാട്ടർ കൂളർ ഇൻസ്റ്റാളേഷൻ, ഓഡിറ്റോറിയം മോഡേണൈസേഷൻ, ബാത്റൂം, സെമിനാർ ഹാൾ ഉൾപ്പെടെയുള്ള നവീകരണം തുടങ്ങിയ പ്രവൃത്തികൾക്കും ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത കോളേജിലെ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ കാന്റീൻ ഇല്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | കോളേജിലെ കാന്റീൻ നവീകരണത്തിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ